**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 89** **07-10-2024 - ൽ മറുപടിയ്ക്ക്**

**ജനവാസ മേഖലകൾ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ഉൾപ്പെടുത്താതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പരിസ്ഥിതി ലോലപ്രദേശങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ അഞ്ചാം കരട് വിജ്ഞാപന ഭൂപടത്തിൽ കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടി പ്രദേശത്തെ ജനവാസ മേഖലകൾ ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജനവാസ മേഖലകൾ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ഉൾപ്പെടുത്തുകയില്ല എന്ന സർക്കാരിന്റെ പ്രഖ്യാപിതനയം നിലനിൽക്കെ കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടി വാർഡിനെ പ്രസ്തുത 5-ാം കരട് വിജ്ഞാപന ഭൂപടത്തിൽനിന്നും പൂർണ്ണമായി ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | മറുപടി അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ESA വില്ലേജുകളുടെ നിർണ്ണയവുമായി ബന്ധപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി 24-05-2022 ൽ നടത്തിയ യോഗത്തിൽ വില്ലേജ്-വനാതിർത്തികൾ പരിശോധിച്ച ജനവാസമേഖലകൾ ഒഴിവാക്കി ESA ആയി നിജപ്പെടുത്തേണ്ട പ്രദേശങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി ജില്ലാ കലക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധന സമിതി രൂപീകരിച്ചു. പ്രസ്തുത സമിതിയിൽ റവന്യൂ വനം പരിസ്ഥിതി, സർവ്വേ & ലാന്റ് റെക്കോർഡ്സ്, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ, ലാൻറ് യൂസ് ബോർഡ് ലാൻറ് റവന്യൂ കമ്മീഷണറേറ്റ് എന്നിവയുടെ ഉദ്യോഗസ്ഥർ അംഗങ്ങൾ ആയി അതത് വകുപ്പുകളുടെ പക്കൽ ലഭ്യമായ വിവരങ്ങൾ സമിതിക്ക് കൈമാറി.

ആയതുപ്രകാരം പരിസ്ഥിതി വകുപ്പ് തയാറാക്കിയ കരട് shape /kml ഫയൽ പരിശോധിക്കുന്നതിനായി, ചീഫ് സെക്രട്ടറിതല യോഗത്തിലെ നിർദ്ദേശ പ്രകാരം, ESA വില്ലേജുകൾ വരുന്ന ജില്ലകളിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധന കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. വില്ലേജ് അതിർത്തികൾ, വനാതിർത്തികൾ വരുന്നപക്ഷം അവിടങ്ങളിൽ സ്ഥലപരിശോധന സഹിതം നടത്തി അപാകതകൾ പരിഹരിച്ചു. ഇവ പരിശോധിച്ചതിൻ്റെ അടിസ്ഥാനത്തിൽ ESA പുനഃനിർണ്ണയിക്കുകയുണ്ടായി.

പ്രസ്തുത രേഖകളിന്മേൽ അവസാനഘട്ട പരിശോധനകൾക്കും പൊതുജനങ്ങളുടെ അഭിപ്രായ സമാഹരണത്തിനും ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമമാക്കുന്നതിലേക്കുള്ള അവസാന നടപടി ക്രമത്തിൻ്റെ ഭാഗമായി ഈ രേഖകൾ എല്ലാ പഞ്ചായത്തുകളിലും 2024 മാർച്ച് മാസം കൈമാറി. പഞ്ചായത്തുകളിൽ നിന്നുള്ള അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാനത്തിൻ്റെ പുതുക്കിയ ESA നിർദ്ദേശം 2024 മെയ് 13ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കയുണ്ടായി.